# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈനകരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-2/1144/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈനകരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-2/1144/2023 തീയ്യതി: 03/10/2023

# ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു പി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു എ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എം സി .പ്രസാദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.റ്റി.എഫ് .സെബാസ്റ്റ്യൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഹാരിഷ് എ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മേരികുഞ്ഞ് സി.കരിക്കളം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.നജ്‌ല നബീസത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ശരത്ചന്ദ്രബോസ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 31-03-2023 |
| ഡോ.മനോജ് | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.സിന്ധ്യ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.എയ്ഞ്ചൽ അയന കെ ജെ | സബ്ബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജി കമ്മത്ത് | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി എസ് | 01-04-2022 | 31-03-2023 |
| ശ്രീ.സജീവൻ സി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ബിനോയ് ബോസ് | അസി.എഞ്ചിനീയർ | 01-04-2022 | 15-10-2022 |
| ആശ.ആർ | അസി.എഞ്ചിനീയർ | 17-10-2022 | 31-03-2023 |
| . | . | | |
| പ്രജീഷകുമാരി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 11-08-2022 |
| ദീപ.പി.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 12-08-2022 | 31-03-2023 |
| അഹ് ലുദേവ്.വി.സി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 20-04-2022 |
| ജ്യോതിസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 21-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സലിൻബാബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആയില്ല | 1-1-3 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ട് - ബാലൻസ് മൈനസ് തുകയായി കാണിച്ചിരിക്കുന്നു | 1-1-4 |
| 6 | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-7 |
| 9 | ഡിസിബി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയില്ല | 1-1-8 |
| 10 | വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കളക്ഷൻ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ടാക്സ് ഓഡിറ്റ് :- വിഭവസമാഹരണത്തിന്റെ കാര്യക്ഷമത-ലഘു അവലോകനം | 1-10 |
| 21 | ഹോം സ്റ്റേകൾ വസ്തുനികുതി ഈടാക്കാതെയും ലൈസൻസില്ലാതെയും പ്രവർത്തിക്കുന്നു | 1-11 |
| 22 | റേഷൻ ഷോപ്പുകൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു | 1-12 |
| 23 | വള്ളം വാടക ഇനത്തിൽ ഗണ്യമായ ചെലവ്- ബദൽ സംവിധാനങ്ങൾ | 1-13 |

| | | |
|---|---|---|
| | ആവിഷ്കരിക്കേണ്ടതാണ് | |
| 24 | വെള്ളക്കരമിനത്തിലെ ചെലവ് പഞ്ചായത്തിന്റെ ഒരു വർഷത്തെ തനത് വരുമാനത്തെക്കാൾ അധികം - | 1-14 |
| 25 | വൗച്ചർ പരിശോധന -രേഖകൾ ഹാജരാക്കിയില്ല 24000/- രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 26 | കരാർ പ്രവൃത്തികളിൽ മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് -സംസ്ഥാന സർക്കാറിന് നഷ്ടം 3203/-രൂപ | 1-16 |
| 27 | എസ് എസ് കെ വിഹിതം അടവാക്കൽ -വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 28 | ഐ കെ എം വിഹിതം അടക്കൽ -വിനിയോഗരേഖകളുടെ അഭാവത്തിൽ 81505/- രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 29 | മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല -1,50,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 30 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 72324/- രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 31 | മെഡിക്കൽ ഓഫീസർ (പിഎച്ച്സി ) നടപ്പാക്കിയ പദ്ധതികൾ -ചെലവ് രേഖകളുടെ അഭാവത്തിൽ 1,58,196/-രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 32 | മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-22 |
| 33 | ആയുർവ്വേദാശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായില്ല | 1-23 |
| 34 | അനുപൂരക പോഷകാഹാര പരിപാടി- സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തി | 1-24 |
| 35 | മിനി എം സി എഫ് -സ്ഥാപിക്കുന്നതിന് മുമ്പ് തുക നൽകി | 1-25 |
| 36 | വാഹനം വാടകക്ക് എടുക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-26 |
| 37 | സംരക്ഷണഭിത്തി നിർമ്മാണം -12536/- രൂപ അധികം ചെലവഴിച്ചു | 1-27 |
| 38 | സിമന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തികൾക്ക് സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്നു - | 1-28 |
| 39 | കമ്മട്ടിപ്പാലം നിർമ്മാണം- പ്രവർത്തനം ആരംഭിച്ചില്ല | 1-29 |
| 40 | തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം - രേഖകൾ സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ- | 1-30 |
| 41 | MNREGS പ്രവൃത്തികൾ - CIB സ്ഥാപിച്ച കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്ര സർക്കാരിന് നഷ്ടം -7140/- രൂപ | 1-31 |
| 42 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല | 1-32 |
| 43 | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ-അവലോകനം | 1-33 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സംരക്ഷണഭിത്തി നിർമ്മാണം -12536/- രൂപ അധികം ചെലവഴിച്ചു- | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2023-ലെ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൈനകരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കൈനകരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2) (എഫ്) പ്രകാരമുള്ള പത്രികയായ റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആയില്ല

തനത് ഫണ്ട് SBI അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared എന്നതിൽ 06/2022 മുതലുള്ള തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഫണ്ട് - ബാലൻസ് മൈനസ് തുകയായി കാണിച്ചിരിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Development Fund – Central Finance Commission Grant -Tied Fund (-)18882/-രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു.

1-1-5 ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ ചേർക്കുന്ന തുകകൾക്ക് തുല്യമായ തുകകൾ B17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക്, ട്രഷറി അക്കൌണ്ടുകളിൽ ഉൾപ്പെടുന്നില്ല.

| | B4 ഷെഡ്യൂൾ | B17 ഷെഡ്യൂൾ |
|---|---|---|
| MGNREGS | 138 | 2138 |
| CFC Grant | Tied-1650298 | 1758661 |
| | Basic-(-)18822 | |

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. 08.08.2022-ലും 31.03.2023-ലും മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

1-1-7 പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-8 ഡിസിബി സാക്ഷ്യപ്പെടുത്തി ഹാജരാക്കിയില്ല

തൊഴിൽനികുതി (Employees & Traders) ഡിമാന്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽനികുതി (Employees & Traders) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

### 1-1-9 വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കളക്ഷൻ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി DCB (Residential & Non Residential) പരിശോധിച്ചതിൽ ഡിമാന്റ്, ബാലൻസ് തുകകൾ വാർഷിക കണക്കിലെ ഡിമാന്റ്, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ കളക്ഷൻ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-10 കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Issued But Not Presented Into Bank എന്നതിൽ 5328/- രൂപയുടെ ചെക്കുകൾ ക്ലിയർ ചെയ്യാനുണ്ട്. ഇതിൽ ചുവടെ ചേർക്കുന്നവ കാലാവധി കഴിഞ്ഞ ചെക്കുകളാണ്.

| വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 22200579 | 305366 | 24.11.2022 | 1332 |
| 22200583 | | | 13 |
| 22200581 | | | 1332 |
| 22200582 | | | 1332 |
| 22200580 | | | 1319 |
| ആകെ | | | 5328 |

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.02.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 28.03.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 278317000 | 278090000 |
| വാർഷികകണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 155864601 | 160187792 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14408037 |
| വരവ് | 34022346 |
| ആകെ | 48430383 |
| ചെലവ് | 29326848 |
| നീക്കിയിരിപ്പ് | 19103535 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 17169069 | 2775931 | 19945000 | 17325502 | 2619498 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 3602471 | 384529 | 3987000 | 2877462 | 1109538 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | 13350 | 5202000 | 0 | 5215350 | 3565052 | 1650298 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | 0 | 1135292 | 0 | 1135292 | 756227 | 379065 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ബാങ്ക് | 53154 | 3468000 +76117 (Interest) | 0 | 3597271 (ബാങ്ക് പലിശ ഉൾപ്പെടെ) | 3616093 | -18822 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് - ട്രഷറി | 0 | 765123 | 0 | 765123 | 544518 | 220605 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 2376000 | 0 | 2376000 | 557508 | 1818492 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 7371000 | 0 | 7371000 | 7152048 | 218952 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 113 | 63688333 | 65 | 40510333 | 24 | 24 | 57.52% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1757 | 1617934 | 1619691 | 1619553 | 138 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 67982394 | 67982394 | 67982394 | |
| ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | | 0 | 0 | 0 | |
| ആകെ | 1757 | 69600328 | 69602085 | 69601947 | 138 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 23040 | 21 |
| കർഷക തൊഴിലാളി പെൻഷൻ | 23088900 | 2144 |
| വിധവ പെൻഷൻ | 5718700 | 1001 |
| വാർദ്ധക്യകാല പെൻഷൻ | 9856800 | 1001 |
| വികലാംഗ പെൻഷൻ | 2680600 | 536 |
| അവിവാഹിത പെൻഷൻ | 311800 | 28 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023 തീയതിയിൽ 03:00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 523/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

2.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളുടെ ചെലവ് രേഖകളുടെ സൂക്ഷിപ്പ് സുതാര്യമല്ല.

4.താരതമ്യേന തനത് വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല. ലഭിക്കേണ്ട വരുമാനം പിരിച്ചെടുക്കുന്നുമില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

എ) റിസോർട്ടുകളിലെ നീന്തൽകുളങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കുന്നില്ല.

5.പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന യഥാസമയം നടത്താത്തത് മൂലം പഞ്ചായത്തിന്റെ തനത് വരുമാനം പൂർണ്ണമായും ഇതിന് വേണ്ടി വിനിയോഗിക്കേണ്ടി വരുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 ടാക്സ് ഓഡിറ്റ് :- വിഭവസമാഹരണത്തിന്റെ കാര്യക്ഷമത-ലഘു അവലോകനം

38.85 സ്ക്വയർ കി.മീ വ്യപിച്ചു കിടക്കുന്ന കൈനകരി പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 75 ശതമാനത്തോളം നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളും കായൽ നിലങ്ങളുമാണ്. 2800 ഹെക്ടർ സ്ഥലമാണ് വിവിധ പാടശേഖരങ്ങളിലും കായൽനിലങ്ങളിലുമായി വ്യാപിച്ച് കിടക്കുന്നത്. അതു കൊണ്ട് തന്നെ കൃഷിയുമായി ബന്ധപ്പെട്ടും, കായൽ ടൂറിസവുമായി ബന്ധപ്പെട്ടുള്ള ഒരു വിഭവസമാഹരണമായിരിക്കും ഈ പഞ്ചായത്തിന് അനുയോജ്യം.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ്, വാടക എന്നിവയിലെ ഡിമാൻഡുകൾ കൃത്യമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ശോഷണത്തിനും ഇടയാക്കുന്നു.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വരവുചെലവുകളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

ബജറ്റ് പ്രകാരമുള്ളത്

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള നികുതി, നികുതിയേതര ഇനങ്ങളിലെ പ്രതീക്ഷിത വരവ് | 251617000 |
| ചെലവ് | 278090000 |
| നീക്കി ബാക്കി | 1071272 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തനത് വരുമാനം

| | |
|---|---|
| നികുതി, നികുതിയേതര ഇനങ്ങളിലെ വരവ് | 155864601 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം(കേരള പഞ്ചായത്ത് രാജ് നിയമം 204). വരുമാന വർദ്ധനവിനായി താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203-ാം വകുപ്പ് (2) ഉം,4ഉം ഉപ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമമനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപ വിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് 05.04.2023 തീയതിയിൽ

സ.ഉ.(അച്ചടി)നം. 25/2023/എൽ.എസ്.ജി.ഡി. വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നികുതി പരിഷ്കരണം പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. നികുതി നിരക്ക്, മേഖലാവിഭജനം എന്നിവയുടെ കരട് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 15 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും വസ്തുനികുതി പുനർ നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കുന്നില്ല.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ U.A എന്നു രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും ഭൗതിക പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങളുണ്ടെങ്കിൽ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുകയും കുറവായി അസസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തു വരുന്നില്ല. ഇക്കാരണത്തിൽ നികുതി വരുമാനത്തിലുണ്ടാകേണ്ട വരുമാനം നഷ്ടമാകുന്നുണ്ട്.

3) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് എഴുതി തയ്യാറാക്കി അധികൃതർ സൂക്ഷിയ്ക്കുന്നുണ്ട് എന്നാണ് അറിയിച്ചിരിയ്ക്കുന്നതെങ്കിലും അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, വാഹന ഉടമകൾ എന്നിങ്ങനെയുള്ള വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

4) ഹോം സ്റ്റേകൾ നികുതി അസസ്സ് ചെയ്ത് ഈടാക്കുന്നില്ല

ജലാശയങ്ങളാൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് കൈനകരി. ഹൗസ്ബോട്ടുകളും, ശിക്കാരവള്ളങ്ങളും നങ്കൂരമിടുന്ന ഈ പ്രദേശത്ത് ധാരാളം ഹോം സ്റ്റേകളും, റിസോർട്ടുകളും, മസാജിങ് പാർലറുകളും സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഇവയിൽ നിന്നും വസ്തുനികുതിയും, തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. ഗൂഗിൾ മാപ്പ് വഴി നടത്തിയ അന്വേഷണത്തിൽ നിന്നു മാത്രം നിരവധി ഹോം സ്റ്റേകൾ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതായി കാണുന്നുണ്ട്. ഇവയിൽ നിന്നും വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല.

08/09/2020 ലെ സ.ഉ(അ)നം 53/2020/തസ്വഭവ പ്രകാരം റഡിഡൻഷ്യൽ ഹോം സ്റ്റേ ഉള്ള കെട്ടിടങ്ങളിലെ റഡിഡൻഷ്യൽ ഹോം സ്റ്റേ ഒഴികെയുള്ള ഭാഗത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കുകൾ ബാധകമാവുന്നതാണ് എന്ന് നിർദ്ദേശമുള്ളതാണ്. ടി കെട്ടിടങ്ങളുടെ പാർപ്പിടാവശ്യം കഴിഞ്ഞുള്ള ഏരിയ (ഹോം സ്റ്റേ) റീ-അസസ്സ് ചെയ്ത് വാണിജ്യാടിസ്ഥാനത്തിലുള്ള നിരക്കുകൾ ഈടാക്കാവുന്നതാണ്. അതു പോലെതന്നെ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റിസോർട്ടുകൾ, മസാജിങ് പാർലറുകൾ, സ്പാകൾ തുടങ്ങിയവ അസസ് ചെയ്ത് വസ്തുനികുതി ഈടാക്കേണ്ടതാണ്. വേമ്പനാട്ട് കായലിന്റെ സിംഹഭാഗവും, കുട്ടനാടൻ പാടശേഖരങ്ങളും ഉൾപ്പെടുന്ന കൈനകരി പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ നിമിത്തം ഫാം ടൂറിസം പോലുള്ള സാധ്യതകളും, ഹൗസ് ബോട്ടുകൾക്ക് ഡോക്കിംഗ് യാർഡുകളും, ആറിന്റെ തീരത്തുള്ള സ്ഥലങ്ങളിൽ ഇറിഗേഷൻ വകുപ്പുമായി സഹകരിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ കിയോസ്കുകളും വിശ്രമകേന്ദ്രങ്ങളും നിർമ്മിച്ച് വാടകയ്ക്ക് നൽകാനുള്ള സാധ്യതകളും പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്.

തനത് വരുമാന വർദ്ധനവിന് മേൽ സൂചിപ്പിച്ച മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-11 ഹോം സ്റ്റേകൾ വസ്തുനികുതി ഈടാക്കാതെയും ലൈസൻസില്ലാതെയും പ്രവർത്തിക്കുന്നു

ജലാശയങ്ങളാൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് കൈനകരി. ഹൗസ്ബോട്ടുകളും, ശിക്കാരവള്ളങ്ങളും നങ്കൂരമിടുന്ന ഈ പ്രദേശത്ത് ധാരാളം ഹോം സ്റ്റേകളും, റിസോർട്ടുകളും, മസാജിങ് പാർലറുകളും സ്ഥിതി ചെയ്യുന്നുണ്ട്. ഗൂഗിൾ മാപ്പ് വഴി നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ നിന്നും വസ്തുനികുതി രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും കണ്ടെത്താൻ സാധിച്ചില്ല. കൈനകരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ അസസ്സ് ചെയ്ത് വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അനാഗ്രീൻ ഹോം സ്റ്റേ കൈനകരി കൈനകരി സൗത്ത് |
| 2 | പലാമ ബാക്ക് വാട്ടർ റിസോർട്ട് തോട്ടുവാത്തല, കൈനകരി |
| 3 | ജോസ്സീസ് ഹോം സ്റ്റേ, കോലോത്ത് ജെട്ടി റോഡ്, കൈനകരി |
| 4 | വൈറ്റ് ഹൗസ് ഹോം സ്റ്റേ, കോലോത്ത് ജെട്ടി റോഡ്, കൈനകരി |
| 5 | സേതു ഹോം സ്റ്റേ,തോട്ടുവാത്തല, കൈനകരി |
| 6 | കുട്ടിപറമ്പിൽ ഹോം സ്റ്റേ, കുട്ടമംഗലം, കൈനകരി |
| 7 | 1884 ക്ളാസിക് ഹോംസ്റ്റേ & വില്ലാസ് കുട്ടമംഗലം |
| 8 | വിശാൽ & വിഷ്ണു ഹോം, തോട്ടുവാത്തല സ്കൂൾ ബ്രിഡ്ജ്, കൈനകരി സൗത്ത് |
| 9 | വില്ലേജ് പാരഡൈസ് റിവർസൈഡ് ഹോം സ്റ്റേ നെടുങ്ങാട് ഹോം ചേന്നങ്കരി |
| 10 | പമ്പാ ഇൻ പാർക്കിംഗ് പ്ളേസ്, തോട്ടുവാത്തല |
| 11 | ഭാരത്ബാല ഹൗസ്, കൈനകരി സൗത്ത് |
| 12 | പ്രബുദ്ധ ഹോളി ഡേയ്സ്, മീനപ്പള്ളി, കൈനകരി സൗത്ത് |
| 13 | ഹോം സ്റ്റേ ക്യാപിറ്റോൾ (ഗ്രീൻ പാം ഹോട്ടൽ), ചേന്നംകരി, കൈനകരി സൗത്ത് |

08/09/2020 ലെ സ.ഉ(അ)നം 53/2020/ത.സ്വ.ഭ.വ പ്രകാരം റഡിഡൻഷ്യൽ ഹോം സ്റ്റേ ഉള്ള

കെട്ടിടങ്ങളിലെ റഡിഡൻഷ്യൽ ഹോം സ്റ്റേ ഒഴികെയുള്ള ഭാഗത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കുകൾ ബാധകമാവുന്നതാണ് എന്ന് നിർദ്ദേശമുള്ളതാണ്. ടി കെട്ടിടങ്ങളുടെ പാർപ്പിടാവശ്യം കഴിഞ്ഞുള്ള ഏരിയ (ഹോം സ്റ്റേ) റീ-അസസ്സ് ചെയ്ത് വാണിജ്യാടിസ്ഥാനത്തിലുള്ള നിരക്കുകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പട്ടികയിൽ കൊടുത്തിരിക്കുന്നത് ചില ഉദാഹരണങ്ങൾ മാത്രമാണ് ഇതിലും എത്രയോ അധികം സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ ഹോംസ്റ്റേകൾ, റിസോർട്ടുകൾ, മസാജിങ് പാർലറുകൾ, സ്പാകൾ തുടങ്ങിയവ അസസ് ചെയ്ത് വസ്തുനികുതി ഈടാക്കുന്നുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ മേൽ സ്ഥാപനങ്ങൾ ലൈസൻസെടുത്തതായി കാണുന്നില്ല.

ടി സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെയും തൊഴിൽ നികുതിയും വസ്തുനികുതിയും ഒടുക്കാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ചും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാസാജിങ്ങ് പാർലറുകൾ, സ്പാകൾ എന്നിവ ലൈസൻസെടുത്താണോ പ്രവർത്തിക്കുന്നത് എന്നതു വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 3/17-08-23) ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽനികുതിയും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതിയും, ലൈസൻസ് ഫീസും, തൊഴിൽനികുതിയും ഈടാക്കാത്തത് മൂലം ഓരോ വർഷവും തനത് വരുമാനത്തിൽ ഗണ്യമായ നഷ്ടമാണുണ്ടാവുന്നത്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-12 റേഷൻ ഷോപ്പുകൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം.149) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), എന്നിങ്ങനെയുള്ള വ്യാപാരങ്ങൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളുടെയും മാവേലി സ്റ്റോറുകളുടെയും അബ്കാരി ഷോപ്പുകളുടെയും വിവരങ്ങൾ ലഭ്യമാക്കുവാനും ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/17-08-23 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാവേണ്ടതാണ്.

## 1-13 വള്ളം വാടക ഇനത്തിൽ ഗണ്യമായ ചെലവ്- ബദൽ സംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്

2022-23 വർഷം പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി പഞ്ചായത്തിലെ ഉദ്യോഗസ്ഥരും അംഗങ്ങളും വിവിധ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്തതിന് കടത്തുകൂലി ഇനത്തിൽ ചെലവായ തുകയുടെ (ഹെഡ്ഡിനം-230400101- Vehicle Charges) Ledger പ്രകാരമുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | തുക | നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 42200016/29-04-22 | 4700 | ഔസേഫ് തോമസ് |
| 2 | 42200036/30-04-22 | 4300 | ഔസേഫ് തോമസ് |
| 3 | 42200039/03-5-22 | 7500 | ഔസേഫ് തോമസ് |
| 4 | 42200115/03-6-22 | 11500 | ഔസേഫ് തോമസ് |
| 5 | 42200153/23-6-22 | 5300 | ഔസേഫ് തോമസ് |
| 6 | 42200188/06-07-22 | 12500 | ഔസേഫ് തോമസ് |
| 7 | 42200230/04-08-22 | 9900 | ഔസേഫ് തോമസ് |
| 8 | 42200247/12-08-22 | 1350 | ഔസേഫ് തോമസ് |
| 9 | 42200248/12-08-22 | 1900 | ഔസേഫ് തോമസ് |
| 10 | 42200256/25-08-22 | 7350 | ഔസേഫ് തോമസ് |
| 11 | 42200300/03-09-22 | 4500 | ഔസേഫ് തോമസ് |
| 12 | 42200321/05-09-22 | 6350 | ഔസേഫ് തോമസ് |
| 13 | 42200442/07-11-22 | 5650 | ഔസേഫ് തോമസ് |
| 14 | 42200541/17-12-22 | 6950 | ഔസേഫ് തോമസ് |
| 15 | 42200610/16-01-23 | 4900 | ഔസേഫ് തോമസ് |
| 16 | 42200442/07-11-22 | 5650 | ഔസേഫ് തോമസ് |
| 17 | 42200762/20-03-23 | 5150 | ഔസേഫ് തോമസ് |
| 18 | 42200783/26-03-23 | 1700 | ഔസേഫ് തോമസ് |
| | ആകെ | 107150 | |
| 19 | 42200027/30-04-22 | 1000 | പുഷ്പസാഗരൻ |
| 20 | 42200185/06-7-22 | 1000 | പുഷ്പസാഗരൻ |
| 21 | 42200237/06-08-22 | 1000 | പുഷ്പസാഗരൻ |
| 22 | 42200382/11-10-22 | 3000 | പുഷ്പസാഗരൻ |
| 23 | 42200383/11-10-22 | 2000 | പുഷ്പസാഗരൻ |
| 24 | 42200443/07-11-22 | 2000 | പുഷ്പസാഗരൻ |
| 25 | 42200528/09-12-22 | 2000 | പുഷ്പസാഗരൻ |
| 26 | 42200596/06-01-23 | 2000 | പുഷ്പസാഗരൻ |
| 27 | 42200707/01-03-23 | 8050 | പുഷ്പസാഗരൻ |
| 28 | 42200383/11-10-22 | 2000 | പുഷ്പസാഗരൻ |
| 29 | 42200443/07-11-22 | 2000 | പുഷ്പസാഗരൻ |
| 30 | 42200528/09-12-22 | 2000 | പുഷ്പസാഗരൻ |
| 31 | 42200596/06-01-23 | 2000 | പുഷ്പസാഗരൻ |
| 32 | 42200781/26-03-23 | 2000 | പുഷ്പസാഗരൻ |
| | ആകെ | 32050 | |
| 33 | 42200015/29-04-22 | 2500 | ശ്രീജ പ്രമോദ് |
| 34 | 42200192/13-07-22 | 22500 | ശ്രീജ പ്രമോദ് |
| 35 | 42200233/04-08-22 | 7500 | ശ്രീജ പ്രമോദ് |
| 36 | 42200303/05-09-22 | 7500 | ശ്രീജ പ്രമോദ് |

| | | | |
|---|---|---|---|
| 37 | 42200369/10-10-22 | 7500 | ശ്രീജ പ്രമോദ് |
| 38 | 42200462/09-12-22 | 7500 | ശ്രീജ പ്രമോദ് |
| 39 | 42200529/10-12-22 | 7500 | ശ്രീജ പ്രമോദ് |
| 40 | 42200541/05-01-23 | 7500 | ശ്രീജ പ്രമോദ് |
| 41 | 42200660/01-02-23 | 2000 | ശ്രീജ പ്രമോദ് |
| 42 | 42200670/05-02-23 | 7500 | ശ്രീജ പ്രമോദ് |
| 43 | 42200462/14-11-22 | 7500 | ശ്രീജ പ്രമോദ് |
| 44 | 42200529/05-01-23 | 7500 | ശ്രീജ പ്രമോദ് |
| 45 | 42200721/03-03-23 | 7500 | ശ്രീജ പ്രമോദ് |
| | ആകെ | 102000 | |
| 46 | 42200037/03-05-22 | 800 | പി.എസ്.രമേശൻ |
| 47 | 42200049/03-5-22 | 3800 | ബിനീഷ് ചന്ദ്രൻ |
| | ഒട്ടാകെ | 245800/- | |

മേൽ സൂചിപ്പിച്ച പ്രകാരം വള്ളം വാടകയ്ക്കും, കടത്തുകൂലിയ്ക്കും തുക ചെലവഴിച്ചത് ക്വട്ടേഷൻ ക്ഷണിച്ച്, കുറഞ്ഞ ക്വട്ടേഷൻ പ്രകാരം കമ്മിറ്റി അംഗീകരിച്ചില്ല. 2022-23 ലെ കടത്ത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് റോഡ് കടവ് ചങ്ങാടം മാത്രമേ ലേലം പോയതായി കാണുന്നുള്ളു.(ഷാജി.എ.കെ 54500/- 1220100312/19-08-22). വള്ളം വാടകയ്ക്ക് എടുത്തത് സംബന്ധിച്ചോ മറ്റ് കടത്തുകൾ സംബന്ധിച്ചോ ഉള്ള ലേല വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ പട്ടികയിലെ ഔസേഫ് തോമസ്, പുഷ്പസാഗരൻ, ശ്രീജ പ്രോമാദ് എന്നിവർക്ക് നൽകിയ മേൽ തുകകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനും, ഇവരുമായി വാടകയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/21-08-23 ന് മറുപടി ലഭ്യമാക്കിയില്ല. 245800/-രൂപയാണ് 2022-23 സാമ്പത്തികവർഷം മാത്രം വള്ളം വാടകയിനത്തിൽ നൽകിയത്. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമായതിനാലും കൈനകരി ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക സവിശേഷതകൾ വെച്ചും ഏകദേശം ഇതിനോട് അടുത്ത തുക തന്നെ വരും വർഷങ്ങളിലും നൽകേണ്ടി വരും 5 വർഷം കടത്തുകൂലിയിനത്തിൽ നൽകുന്ന തുക ഉണ്ടെങ്കിൽ ഒരു വള്ളം വാങ്ങി പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കുപയോഗിക്കാനും വള്ളത്തിന് യാത്രയുള്ള ദിവസങ്ങളിൽ മാത്രം ദിവസക്കൂലിയ്ക്ക് ഒരാളെ നിയോഗിയ്ക്കാനുമുള്ള സാധ്യതകൾ പരിശോധിയ്ക്കേണ്ടതാണ്. ആവർത്തന ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്ന തുക പഞ്ചായത്തിന് ആസ്തിയായി മാറ്റുന്നതിനും ഇതിലൂടെ സാധിക്കും.

കൈനകരി ഗ്രാമപഞ്ചായത്തിന്റെ 30-06-21 ലെ സാധാരണയോഗത്തിലെ 26/1 നമ്പർ തീരുമാന പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ കടത്തുകളായ ഗോവേന്ദ, പാണംകുളം, ആറുപങ്ക് കടവുകളിലേയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നും പ്രതിമാസം 2500 /- രൂപയ്ക്ക് ശ്രീജ പ്രമോദിന് കടത്ത് അംഗീകരിച്ച് നൽകിയതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് ക്വട്ടേഷൻ ക്ഷണിച്ച വിവരങ്ങൾ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശമനുസരിച്ച് കടത്തുകൾ ക്വട്ടേഷൻ ക്ഷണിച്ചോ ലേലം നടത്തിയോ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

1-14 വെള്ളക്കരമിനത്തിലെ ചെലവ് പഞ്ചായത്തിന്റെ ഒരു വർഷത്തെ തനത് വരുമാനത്തെക്കാൾ അധികം -

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ (നം.46/23) എന്ന പ്രോജക്റ്റ് മുഖേന ഗ്രാമപഞ്ചായത്തിലെ 221 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻവർഷം 13,80,680/-രൂപ (3/2022 മുതൽ 3/23

വരെയുള്ളത്) ചെലവഴിച്ചിട്ടുണ്ട്. ഫെബ്രുവരി, 2023 വരെയുള്ള പ്രതിമാസ വെള്ളക്കരം ഡിമാന്റ് 1,06,596/- രൂപയായിരുന്നപ്പോൾ മാർച്ച് 2023 മുതൽ ഇത് 2,68,128/-രൂപ യായി കുത്തനെ ഉയർന്നിട്ടുണ്ട്. വാർഷികകണക്ക് പ്രകാരം പഞ്ചായത്തിന്റെ 2022-23 വർഷത്തെ തനത് വരുമാനം 26,00,928/-രൂപ മാത്രമാണ്. പുതുക്കിയ നിരക്കിൽ വെള്ളക്കരം അടവാക്കേണ്ടി വരുമ്പോൾ (2,68,128x12= 32,17,536/-) ഈ ഇനത്തിലെ ചെലവ് തനത് വരവിലും അധികമാകും എന്നർത്ഥം. പ്രോജക്ട് മുഖേന തുക ചെലവഴിക്കുമ്പോൾ തനത് വരുമാനത്തിലും അധികമായുള്ള ഈ ചെലവ് പ്രത്യക്ഷത്തിൽ പ്രതിഫലിക്കപ്പെടുന്നില്ല. കൂടാതെ പ്രോജക്ട് നം.11/23 മുഖേന 9,42,000/-രൂപ കുടിവെള്ളവിതരണത്തിനായും ഇതേ കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ വേനൽക്കാലത്ത് മാത്രം ജലവിതരണം നടത്തേണ്ടി വരുമ്പോൾ ശുദ്ധജലക്ഷാമം രൂക്ഷമായ പഞ്ചായത്തിൽ വർഷത്തിൽ ഏതാണ്ട് മുഴുവൻ സമയത്തും കുടിവെള്ളവിതരണം നടത്തുന്നു. പൊതുടാപ്പുകൾക്കായി തനത് വരുമാനത്തിലും അധികമായി തുക ചെലവഴിക്കുന്നതൊടൊപ്പം കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി വലിയ ഒരു തുക പ്രത്യകമായും ചെലവഴിക്കപ്പെടുന്നു എന്നതാണ് ഇത് വ്യക്തമാക്കുന്നത്.

പ്രതിമാസ ഡിമാന്റ് പഞ്ചായത്ത് അടക്കുന്നുണ്ടെങ്കിലും ബില്ലുകളിൽ വാട്ടർ അതോറിറ്റി കുടിശ്ശികയും ഡിമാന്റ് ചെയ്യുന്നുണ്ട്. മാർച്ച്, 2022 ലെ ബിൽ പ്രകാരം ഉണ്ടായിരുന്ന പിഴ ഉൾപ്പെടെയുള്ള കുടിശ്ശിക 2,74,580/- (269298+5282) രൂപയായിരുന്നത് 3/23 ലെ ബിൽ പ്രകാരം 4,95,171/- (485686+9485) രൂപ ആയി ഉയർന്നിട്ടുണ്ട്. മേൽ വിവരിച്ചത് കൂടാതെ തങ്ങളുടെ അനിവാര്യചുമതലകളിലൊന്നായ ജലവിതരണത്തിൽ പഞ്ചായത്തിനുള്ള അധിക ബാധ്യത യാണിത്. വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന കുടിശ്ശിക സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകാത്തതിൽ നിന്നും കുടിശ്ശിക സംബന്ധിച്ച ആധികാരിക രേഖകൾ പഞ്ചായത്തിന്റെ പക്കൽ ഇല്ല എന്നതാണ് വിശദമാകുന്നത്.

കുടിശ്ശിക ഉൾപ്പെടെ വെള്ളക്കരമിനത്തിലെ ബാധ്യത ഇത്രയധികം വർദ്ധിക്കുമ്പോഴും സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് അടിയന്തിരമായി സംയുക്തപരിശോധന നടത്തി ഉപയോഗയോഗ്യമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതോടൊപ്പം, (പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ കുടിശ്ശിക ഇല്ല) ബില്ലുകളിൽ ഡിമാന്റ് ചെയ്തുവരുന്ന കുടിശ്ശിക ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.
ഓഡിറ്റ് അന്വേഷണം നം.6/19.08.23

1-15 വൗച്ചർ പരിശോധന -രേഖകൾ ഹാജരാക്കിയില്ല 24000/- രൂപ തടസ്സപ്പെടുത്തുന്നു

1) ഗ്രാമപഞ്ചായത്തിൽ 08/06/22 ൽ നടന്ന മേറ്റുമാരുടെ പരിശീലനത്തിനായി 24000/- രൂപ വൗച്ചർ നം. 22200264/23-07-22 പ്രകാരം ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം. 889474/22-07-22). എന്നാൽ ഫയലിനൊപ്പം ഹാജരാക്കിയത് ഗിരജാകുഞ്ഞുമോൻ സമർപ്പിച്ച 120x230=27600/- രൂപയുടെ ഒരു വൗച്ചർ മാത്രമാണ്. ടി പ്രോഗ്രാമിൽ എത്ര പേർ പങ്കെടുത്തെന്നത് സംബന്ധിച്ച അറ്റൻഡൻസോ, എത്ര ദിവസമാണ് പ്രോഗ്രാം നടത്തിയെതന്നോ ഉള്ള വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. വെള്ള പേപ്പറിൽ ഒപ്പിട്ട് നൽകിയ ഒരു വൌച്ചറിന്റെ അടിസ്ഥാനത്തിൽ മാത്രം മേൽ ചെലവ് അംഗീകരിക്കാൻ സാധ്യമല്ല. രേഖകൾ ഹാജരാക്കാത്തതിനാൽ മേറ്റുമാരുടെ പരിശീലനത്തിനായി ചെലവഴിച്ച 24000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ഹരിത കർമ്മസേനയ്ക്ക് നോട്ടീസ്, ലെറ്റർഹെഡ്, കാർഡുകൾ ബാനറുകളും, തുടങ്ങിയവയും, വാക്സിനേഷനുള്ള നോട്ടീസും തോമസ് സെബാസ്റ്റ്യൻ സെന്റ് ജോസഫ് പ്രിന്റേഴ്സ്, കുട്ടമംഗലം എന്നയാളാണ് പ്രിന്റ് ചെയ്ത് നൽകിയത്. വിശദവിവരങ്ങൾ ചുവടെ.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം. | തുക | ബിൽ നം. | റിമാർക്സ് |
|---|---|---|---|---|---|
| 1 | 22200408/30-09-22 | 6329118/29-09-22 | 10800 | 11044/29-09-22 | രസീതുകളും ലെറ്റർ പാഡുകളും പ്രിന്റ് ചെയ്ത ഇനത്തിൽ |
| 2 | 22200410/30-09-22 | 6329118/29-09-22 | 6780 | 1132/29-09-22 | ഹരിതകർമ്മസേന കാർഡ് |
| 3 | 22200411/30-09-22 | 6329118/29-09-22 | 700 | 1142/29-09-22 | ബാനർ |
| | | | 18280 | | |

മേൽ പ്രവൃത്തികൾക്ക് ക്വട്ടേഷൻ വിളിച്ചതായി കാണുന്നില്ല. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം (ഖ.7.5) പ്രകാരം 15000/-രൂപ വരെയുള്ള വാങ്ങലുകൾ മാത്രമേ ക്വട്ടേഷൻ ഇല്ലാതെ ചെയ്യാൻ സാധിയ്ക്കു. മേൽ പ്രവൃത്തികൾ ക്വട്ടേഷൻ വിളിയ്ക്കാതെ നടപ്പാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/19-08-23 ന് മറുപടി ലഭ്യമാക്കിയില്ല. തനത് ഫണ്ടിൽ നിന്നും തുക ചെലവഴിയ്ക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് ചെലവഴിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

1-16 കരാർ പ്രവൃത്തികളിൽ മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് -സംസ്ഥാന സർക്കാറിന് നഷ്ടം 3203/-രൂപ

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018 ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ -11ൽ (G) നമ്പരായി പുനർനാമകരണം ചെയ്തിട്ടുള്ള ഉപവകുപ്പിന് മുൻപായി പുതുതായി ഉൾപ്പെടുത്തിയ ഉപവകുപ്പ് (എഫ്) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്കും, സേവന തലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻ വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം/ ഏജൻസി.. | കരാർ തീയതി. | തുക | ആവശ്യമായ സ്റ്റാമ്പ് പേപ്പർ മൂല്യം | ഉപയോഗിച്ച സ്റ്റാമ്പ് പേപ്പർ മൂല്യം | കുറവ് മൂല്യം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 93/22-23<br>ഗവ.എൽ പി സ്കൂൾ, കുട്ടമംഗലം ഫർണ്ണീഷിംഗും അനുബന്ധസൗകര്യം ഒരുക്കലും<br>സിഡ്കോ | രേഖപ്പെടുത്തിയിട്ടില്ല | 1960850 | 1961 | 200 | 1761 |

| | | | | | | |
|---|---|---|---|---|---|---|
| 2 | പ്രോജക്ട് നം. 38/22-23 പഞ്ചായത്ത് ഓഫീസ് കെട്ടിടം ഫർണ്ണീഷിംഗ് സിഡ്കോ | 26.03.23 | 1741623 | 1742 | 200 | 1442 |
| | | | | | ആകെ | 3203/- |

മേൽ രേഖപ്പെടുത്തിയ പ്രകാരം മുദ്രപത്ര വില കുറവായി ഈടാക്കിയതിന്റെ കാരണം, കരാർ വ്യവസ്ഥകൾക്ക് മുദ്രപത്ര വില ഈടാക്കുന്നത് സംബന്ധിച്ച മേൽ സൂചിപ്പിച്ച നിയമത്തിൽ നിന്നും SIDCO യെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. സിഡ്കോയിൽ നിന്നും കുറവ് വന്ന തുക ഈടാക്കിയടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-19/22-08-23

## 1-17 എസ് എസ് കെ വിഹിതം അടവാക്കൽ -വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

എസ് എസ് കെ വിഹിതം അടവാക്കൽ

പ്രോജക്ട് നം. 44/23

ഫണ്ട് -വികസനഫണ്ട്

ചെലവ് – 5,00,000/- (ബിൽ നം. 15/22-23/13.09.22)

സമഗ്രശിക്ഷാ കേരളം പദ്ധതിക്കായി പഞ്ചായത്തിലേക്ക് വകയിരുത്തിയ 24,14,126/- രൂപയുടെ 40% ആയ 9,65,650/-രൂപയിൽ 5,00,000/-രൂപയാണ് പദ്ധതിയുടെ ഭാഗമായി തൻവർഷം നൽകിയത്. ഈ തുക വിനിയോഗിച്ച് പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 7/19.08.23

## 1-18 ഐ കെ എം വിഹിതം അടക്കൽ -വിനിയോഗരേഖകളുടെ അഭാവത്തിൽ 81505/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് -ഐ കെ എം വിഹിതം അടക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

എ) പ്രോജക്ട് നം. 143/23

ധനകാര്യകമ്മീഷൻ അവാർഡ്

ചെലവ്

44093/- രൂപ ബിൽ നം.210/17.03.23,

5514/- രൂപ ബിൽ നം.212/17.03.23

ബി) പ്രോജക്ട് നം. 40/23

ഫണ്ട് -വികസനഫണ്ട്

ചെലവ് – 31898/- രൂപ ബിൽ നം. 10/22-23/26.08.22

ടി രണ്ട് പ്രോജക്ടുകളിലായി ഐ കെ എം വിഹിതം അടവാക്കുന്നതിനായി ചെലവഴിച്ച 81505/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ത്തിന് മറുപടി നൽകിയില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ 81505/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 7/19.08.23

1-19 മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല -1,50,000/- രൂപ തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി ശുചിത്വമിഷൻ അക്കൌണ്ടിൽ നിന്നും 1,50,000/- (വൌച്ചർ നം.52200171/14.06.2022) രൂപ പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വാർഡ്തല സാനിട്ടേഷൻ സമിതി കൺവീനർമാരുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ തുകയുടെ ചെലവ് രേഖകൾ, സാനിട്ടേഷൻ സമിതി കൺവീനർമാരുടെ പാസ് ബുക്ക് സഹിതം പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. സെക്രട്ടറി പിൻവലിച്ച് നൽകിയ പ്രസ്തുത തുകയുടെ ചെലവ് രേഖകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി ഹാജരാക്കാത്ത സാഹചര്യത്തിൽ 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകളാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

ഓഡിറ്റ് അന്വേഷണം നം.22/22.08.23

1-20 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 72324/- രൂപ തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രോജക്ടിന്റെ പേര് – വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

പ്രോജക്ട് നം. 19/23

ഫണ്ട് -വികസനഫണ്ട്

ചെലവ് – 51060/- (ബിൽ നം. 84/22-23/18.03.23)

21264/- (ബിൽ നം. 20/22-23/09.11.22)

അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൈനകരിയുടെ 14.10.22, 21.02.23 തീയതികളിലെ എസ്റ്റിമേറ്റ് പ്രകാരം 4 (13429/-), 9 (7835/-) 11 (51060/-) വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗിനായി ആകെ 72324/- രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 72324/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. 7/19.08.23

1-21 മെഡിക്കൽ ഓഫീസർ (പിഎച്ച്സി ) നടപ്പാക്കിയ പദ്ധതികൾ -ചെലവ് രേഖകളുടെ അഭാവത്തിൽ 1,58,196/-രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നടപ്പാക്കിയ പദ്ധതികളുടെ ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം പിൻവലിച്ച തുകയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ബിൽ നം./ തീയതി | തുക |
|---|---|---|---|
| പാലിയേറ്റീവ് കെയർ | 10/22 | 6/27.11.22 | 51850 |
| | | 4/19.10.22 | 45590 |
| പി എച്ച് സി യിലേക്ക് മരുന്ന് | 12/22 | 14/28.03.23 | 60756 |

| | | | |
|---|---|---|---|
| വാങ്ങൽ | | | |
| ആകെ | | | 1,58,196/- |

ചെലവ് രേഖകളുടെ അഭാവത്തിൽ 1,58,196/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകളാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. ഓഡിറ്റ് അന്വേഷണം നം.22/22.08.23

## 1-22 മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം. - 100/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ – 3,00,000/-

ചെലവ് – 3,00,000/- രൂപ (ബിൽ നം. 72/22-23/19.10.22)

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി 3,00,000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 1,50,050/- രൂപയുടെ മരുന്നുകൾ (Inv.no.LF 362/23.06.23) മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (1,49,950/-) മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, മരുന്നുകൾക്കായി ഹോംകോക്ക് കത്ത് നൽകി എന്നും എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുന്നതാണെന്ന് ഹോംകോ അറിയിച്ചതായും മറുപടി നൽകി. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.5/19.08.23

## 1-23 ആയുർവ്വേദാശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പിലാക്കിയ ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 8,00,000/- രൂപ ഔഷധി (ദി ഫാർമസ്യൂട്ടിയ്ക്കൽ കോർപ്പറേഷൻ (I.M) കേരള ലിമിറ്റഡ്) എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 12/22 |
| പ്രോജക്ട് | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ |
| ചെലവ് | 800000/-(മെയിന്റനൻസ് ഫണ്ട്)<br>ബിൽ നം. 220604520147O1094837/27-01-23 = 8,00,000 |

ടി തുക പൂർണ്ണമായും ദി ഫാർമസ്യൂട്ടിയ്ക്കൽ കോർപ്പറേഷൻ (I.M) കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 59130059000000) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയും പ്രകാരം 783057/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

| ഇൻവോയിസ് നം. | തുക |
|---|---|
| 90306350/24-07-23 | 377670 |

| | |
|---|---|
| 90307698/31-07-23 | 197671 |
| 90308550/11-08-23 | 144196 |
| 9030218/19-08-23 | 63520 |
| ആകെ | 783057 |

ബാക്കി തുകയുടെ (16943/-) മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി നം. 23/22-08-23 ന് മറപുടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 അനുപൂരക പോഷകാഹാര പരിപാടി- സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തി

പ്രോജക്റ്റ് നം.S0015/2023

അനുപൂരക പോഷകാഹാര പദ്ധതി

വികസന ഫണ്ട് -1500000

കേന്ദ്രാവിഷ്കൃത ഫണ്ട് -900000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-170000

ജില്ലാ പഞ്ചായത്ത് വിഹിതം -140000

ആകെ അടങ്കൽ -2710000

ചെലവ് -2433139

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി ഭക്ഷണ സാധനങ്ങൾ കൈനകരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സ്റ്റോറിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/ 2019/സാ.നീ.വ നമ്പർ സർക്കുലർ പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ളൈകോ സ്റ്റോറുകളുടെ NOC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ളൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു. ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം താരതമ്യ കണക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.12/21.08.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-25 മിനി എം സി എഫ് -സ്ഥാപിക്കുന്നതിന് മുമ്പ് തുക നൽകി

പ്രോജക്റ്റ് നം.125/23

അടങ്കൽ- -123759/- ധനകാര്യകമ്മീഷൻ അവാർഡ്

ചെലവ്- 79200/- രൂപ (ബിൽ നം.272/29.03.23)

വി ഇ ഒ നടപ്പാക്കിയ മിനി എം സി എഫ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിൽ ഇൻവോയ്സ് നം.

SEUF/ALP/INV/23-24/027 പ്രകാരം മിനി എം സി എഫ് സ്ഥാപിക്കുന്നതിനായി 79200 /- രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, സർവ്വോദയപുരം, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ മിനി എം സി എഫ് ഒരു യൂണിറ്റിന് 123759/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ക്വട്ടേഷൻ ക്ഷണിച്ചതിൽ പ്രോജക്ടിലേക്ക് ആവശ്യമായ മിനി എം സി എഫ് ന്റെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ഉൾപ്പടെ 3 സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനുകൾ ഫയലിൽ ഉണ്ടെങ്കിലും ഒരെണ്ണത്തിൽ മാത്രമാണ് സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്ക് ചുവടെ ചേർക്കുന്നു.

എ. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ - എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 12 ശതമാനം കുറവ്

ബി. ജെയ്സൻ ഇംപെക്സ് - 81432/-രൂപ (2.50 X 1.60 X 2.1)

സി. അഫ്സൽ മെറ്റൽസ് - എസ്റ്റിമേറ്റ് നിരക്ക്

ക്വട്ടേഷനിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എപ്രകാരമാണ് പ്രസ്തുത സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത ഐറ്റവും വിലയും താരതമ്യം ചെയ്തത് എന്ന് വ്യക്തമല്ല.

2.സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ ബില്ലിൽ, ലഭ്യമാക്കിയ മിനി എം സി എഫ് ന്റെ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മിനി എം സി എഫ് ന്റെ Length, Width, Height മുതലായ വിവരങ്ങൾ രേഖപ്പെടുത്താതെ Cost Of Construction 79200/- എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ സമർപ്പിച്ച ക്വട്ടേഷനിൽ യൂണിറ്റ് ഒന്നിന് 79200/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അംഗീകൃത പദ്ധതി രേഖയിൽ ആകെ അടങ്കൽ തുക 1 ന് 123759/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4. നാളിതുവരെ മിനി എം സി എഫ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.



79200/- രൂപ ചെലവഴിച്ച് നിർമ്മിച്ച മിനി MCF ന്റെ ചിത്രം

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (24/23-08-23), വാങ്ങലിനായി ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിരുന്നില്ലെന്നും രണ്ട് മിനി എം സി എഫ് വാങ്ങുന്നതിനാണ് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിരുന്നത് എന്നും പ്രോജക്ട് റിവൈസ് ചെയ്യുമ്പോൾ കൂടുതൽ തുക വകയിരുത്താമെന്ന് കരുതിയാണ് രണ്ടെണ്ണം വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതെന്നും എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം അതിനായില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. നിലവിൽ എം സി എഫ് സ്ഥാപിച്ചിരിക്കുന്നത് താൽക്കാലിക സ്ഥലത്തായതിനാൽ പുതിയ സ്ഥലത്ത് സ്ഥാപിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കാം എന്നും അറിയിച്ചു.

മിനി എം സി എഫ് യൂണിറ്റ് നിർമ്മിച്ച് ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുമ്പോൾ മാത്രമാണ് ശുചിത്വ മിഷൻ അംഗീകരിച്ച നിരക്കായ 79200/- രൂപ SEUF-ന് നൽകേണ്ടത്. എം.സി.എഫ് നാളിതുവരെ നിർദ്ദിഷ്ട സ്ഥലത്ത് സ്ഥാപിച്ചിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ നിന്നും വ്യക്തമാണ്. ആയതിനാൽ SEUF മുഖേന എം സി എഫ് സ്ഥാപിച്ച് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കേണ്ടതും സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013 /എസ്.പി.ഡി. തീയതി 21.06.2013 പ്രകാരം സാധന/സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

.

1-26 വാഹനം വാടകക്ക് എടുക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ഹരിതകർമ്മസേനക്ക് വാഹനവാടക (പ്രോജക്ട് നം.48/23) എന്ന പ്രോജക്ട് പ്രകാരം ശ്രീ.ജയ്സൺ തോമസ് എന്ന വ്യക്തിക്ക് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ബിൽ നം,,തീയതി | തുക |
|---|---|---|
| വികസനഫണ്ട് | 25/15.11.22 | 23300/- |
| | 31/13.12.2022 | 22300/- |
| | 51/10.02.23 | 19900/- |
| | 34/29.12.22 | 21450/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 140/01.02.23 | 125450/- |
| | 180/03.03.23 | 23500/- |
| | 271/29.03.23 | 23400/- |
| ആകെ | | 259300/- |

കൈനകരി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ മാലിന്യശേഖരണത്തിനായി ഉപയോഗിച്ച KL66A9363 നമ്പർ വാഹനം, വള്ളം എന്നിവയുടെ വാടക ഇനത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. വാഹന വാടക ഇനത്തിലെ ചെലവിന്റെ വിശദാംശത്തിനായി ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ട്രിപ്പ് ഷീറ്റിൽ വാഹനം ആകെ ഓടിയ ദൂരം (യാത്ര തുടങ്ങിയത് മുതൽ അവസാനിച്ചത് വരെയുള്ള കിലോമീറ്റർ) രേഖപ്പെടുത്താതെ AROUND FULL WARD എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വാഹനത്തിന്റെ ലോഗ് ബുക്കും സൂക്ഷിയ്ക്കുന്നില്ല.
വാഹനത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും എഗ്രിമെന്റ് വെച്ചതിന്റെയും രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല. വർഷങ്ങളായി ഈ വ്യക്തിയുടെ വാഹനമാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല എന്നുമാണ് സെക്ഷൻ ക്ലാർക്ക് അറിയിച്ചത്. വാഹനം വാടകക്ക് എടുക്കേണ്ട സന്ദർഭങ്ങളിൽ പ്രസ്തുത ആവശ്യം രേഖപ്പെടുത്തി കിലോമീറ്റർ (ഇന്ധനം, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ ഉൾപ്പടെയുള്ള ആകെ തുക) അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നതിനും അംഗീകൃത കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് വാഹനം നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വള്ളം വാടക അനുവദിക്കുന്നതിലും സർക്കാർ നിർദ്ദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.21/22.08.23

1-27 സംരക്ഷണഭിത്തി നിർമ്മാണം -12536/- രൂപ അധികം ചെലവഴിച്ചു

കൈനകരി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വിവിധ വാർഡുകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ സംരക്ഷണ ഭിത്തി നിർമ്മാണ പ്രവർത്തികളിൽ റബിൾ ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തി നിർമ്മിച്ചിരിക്കുന്നത് DSOR-2018, 7.1.1 - RR Masonary With Hard Stone In Foundation And Plinth Including Leveling Up With Cement Concrete 1:6:12 സ്പെസിഫിക്കേഷൻ അനുസരിച്ചാണ്. ഇതിന് മുകളിൽ അടുത്ത ഇനം ആയി സ്പെസിഫിക്കേഷൻ കോഡ് 4.1.5 പ്രകാരം സിമന്റ് കോൺക്രീറ്റിൽ 1:6:12 അനുപാതത്തിൽ 5cm. കനത്തിൽ ബെൽറ്റും നിർമ്മിച്ചിട്ടുണ്ട്. RR മേസനറിക്ക് മുകളിൽ 5cm. കനത്തിൽ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളതിനാൽ, ഇനം 7 പ്രകാരമുള്ള റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിന്റെ ആവശ്യമില്ല. ഇത് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. ഇപ്രകാരം നിർവ്വഹിച്ച പ്രവൃത്തികളുടെയും, അധികം നൽകിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) 14-ാം വാർഡിൽ എട്ടിന്റെ മൂല നടപ്പാത മുതൽ കാരുണ്യാലയം നടപ്പാത വരെ സംരക്ഷണ ഭിത്തി നിർമ്മാണം-

| | |
|---|---|
| പ്രോജക്ട് നമ്പർ | S-0005/23 |
| അടങ്കൽ | 10 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | സജിമോൻ.പി.ബി |
| അളവ് പുസ്തകം | 58229/22 |
| ചെലവ് വിവരം | ബിൽ നം. നമ്പർ -236/22-23,<br>939549/-രൂപ, Dt.22-03-23. |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD |

അധികം നൽകിയ തുകയുടെ വിവരം-

| | |
|---|---|
| സ്പെസിഫിക്കേഷൻ 7.1.1 പ്രകാരം ചെയ്ത റബിൾ പ്രവൃത്തിയുടെ അളവ്/നൽകിയ തുക | 39.886 $M^3$ / 308269/- രൂപ |
| 1:6:12 സിമന്റ് കോൺക്രീറ്റിംഗിന് $1m^3$ ന് ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക്-(LS-91.52+0.91+13.72 = 106.15+54.84=160.99) (വാട്ടർ ചാർജ്ജ്, CPOH, കോസ്റ്റ് ഇൻഡക്സ് 51.67% ഉൾപ്പെടെ) | $160.99/m^3$ |
| അധികം നൽകിയ തുക | 39.886 $M^3$ ന് @ $160.99/m^3$ = 6421/-രൂപ+1155 (18%gst) = 7576/- |

2) 15-ാം വാർഡിൽ കുപ്പപ്പുറം കിഴക്കേച്ചിറ മുതൽ പുത്തൻകായൽ ചിറക്ക് തെക്ക് മൂലേത്തറ വരെ സംരക്ഷണ ഭിത്തി നിർമ്മാണം-

| | |
|---|---|
| പ്രോജക്ട് നമ്പർ | S-0005/23 |
| അടങ്കൽ | 10 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| കരാറുകാരൻ | പ്രവീൺ.വി |
| അളവു പുസ്തകം | 55396/22 |
| ചെലവ് വിവരം | ബിൽ നം. നമ്പർ -273/22-23 രൂപ, 871580/-dt.29-03-23. |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD |

അധികം നൽകിയ തുകയുടെ വിവരം-

| | |
|---|---|
| സ്പെസിഫിക്കേഷൻ 7.1.1 പ്രകാരം ചെയ്ത റബിൾ പ്രവൃത്തിയുടെ അളവ്/നൽകിയ തുക | 26.118 $M^3$/ 185202/- രൂപ |
| 1:6:12 സിമന്റ് കോൺക്രീറ്റിംഗിന് $1m^3$ ന് ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക്- (LS-91.52+0.91+13.72 =106.15+54.84=160.99) (വാട്ടർ ചാർജ്ജ്, CPOH, കോസ്റ്റ് ഇൻഡക്സ് 51.67% ഉൾപ്പെടെ +) | 160.99/$m^3$ |
| അധികം നൽകിയ തുക | 26.118 $M^3$ന് @ 160.99/$m^3$ = 4204/-രൂപ +756 (18%gst)= 4960/- |

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8/19-08-23) ലഭ്യമാക്കിയ മറുപടിയിൽ, കൈനകരി പോലുള്ളതും, നിലവിൽ പമ്പയാറിന്റെയും അതിന്റെ കൈവഴികൾ ഉൾപ്പെട്ടതും, ബോട്ട് സർവ്വീസ് ഉള്ളതുമായ പ്രദേശത്ത് തുടരെ മടവീഴ്ച, വെള്ളപ്പൊക്കം എന്നിവ ഉണ്ടാകുന്നത് മൂലവും പ്രസ്തുത പ്രവർത്തിക്ക് ഡ്യൂറബിലിറ്റി ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും, ഈ സ്കിൻലെയർ സ്ട്രക്ചറിൽ ഈ ആസ്തി സുസ്ഥിരമായി നിൽക്കില്ലായെന്ന സാഹചര്യം പരിഗണിച്ചും, തുടരെ ഉണ്ടാകുന്ന വാട്ടർ പ്രഷർ മൂലം കൽകെട്ടിന് ഉണ്ടാകുന്ന ഡാമേജ് മൂലം നിർമ്മാണ മെയിന്റനൻസിന് അധിക ചെലവ് ഒഴിവാക്കാനും വേണ്ടിയാണ് കൽക്കെട്ടിന് മുകളിൽ 1:3:6 കോൺക്രീറ്റ് ഉപയോഗിച്ച് ബലപ്പെടുത്തുന്നതെന്നും മറുപടി നൽകുകയുണ്ടായി. കൽക്കെട്ടിന് മുകളിൽ ബെൽറ്റ് നിർമ്മാണം അനിവാര്യമാണെന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ ഇപ്രകാരം ബെൽറ്റ് കോൺക്രീറ്റിംഗ് നടത്തുന്ന പ്രവൃത്തിയിൽ, അതിനു താഴെ നിർമ്മിക്കുന്ന RR പാക്കിംഗിന് Concrete Levelling Course അനുവദിച്ചു നൽകുന്നത് മൂലം അധികം ചെലവുണ്ടായി എന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെ ഈ മറുപടി സാധൂകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 12536/- രൂപ (7567+4960) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-28 സിമന്റ് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തികൾക്ക് സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്നു -

2022-23 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് സെക്യുർ സോഫ്റ്റ്‌വെയറിൽ

തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40/- രൂപ) അനുവദിച്ച് നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. ഇപ്രകാരം സിമന്റിന് ഉയർന്ന നിരക്കിൽ വില അനുവദിച്ച് നൽകിയത് മൂലം അധിക ചെലവുണ്ടായതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ്/ കരാറുകാരൻ/ എം. ബുക്ക് നമ്പർ | FTO No. | അളവുപുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 1:4:8 കോൺ ക്രീറ്റിംഗിനും, 1:2:4 കോൺക്രീറ്റിംഗിനും ഉപയോഗിച്ച സിമന്റിന്റെ അളവും, ആകെ പ്രവർത്തിയുടെ അളവും. | ഒരു ചാക്കിന് 614.40 രൂപ നിരക്കിൽ നൽകേണ്ട തുക. | ഒരു ചാക്കിന് 425/- രൂപ നിരക്കിൽ നൽകിയാൽ പോലും അനുവദനീയമായ തുക | അധികം നൽകേണ്ട തുക |
|---|---|---|---|---|---|---|
| | W-14 ൽ മണലോടി പാലം മുതൽ മൂലശ്ശേരി ചിറ തോമസ്സിന്റെ വസതി വരെ നടവഴി കോൺക്രീറ്റിംഗ് – (RC-354775) -എം.പി.സിജികുമാർ- MB-No-/22-23 | മെറ്റീരിയൽ വില നൽകിയിട്ടില്ല. | 6.375ടൺ +6 ടൺ =12.375 ടൺ (247 ചാക്ക്) $37.50m^3$ $+18.75m^3$ | 151781/-രൂപ അളവുപുസ്തകത്തിൽ മെറ്റീരിയൽ വില രേഖപ്പെടുത്തിയിട്ടില്ല. | 104975/-രൂപ (247x425) | Rs-46806/- |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? 2022-23 വർഷം എത്ര

പ്രവൃത്തികൾക്ക് ഇപ്രകാരം തുക നൽകി?, നൽകാനുണ്ട്?, ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിരുന്നോ, തുടങ്ങിയ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/19-08-23)ലഭ്യമാക്കിയ മറുപടിയിൽ, കരാറുകാരന് തുക നൽകിയിട്ടില്ലായെന്നും, കരാറുകാരന് തുക അനുവദിക്കുമ്പോൾ സിമന്റിന് മാർക്കറ്റ് വില മാത്രം അനുവദിച്ച നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം തുക നൽകുമ്പോൾ സിമന്റിന് മാർക്കറ്റ് വില മാത്രം അനുവദിച്ച നൽകേണ്ടതാണ്. അല്ലാത്ത പക്ഷം അധികം അനുവദിച്ച നൽകുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

1-29 കമ്മട്ടിപ്പാലം നിർമ്മാണം- പ്രവർത്തനം ആരംഭിച്ചില്ല

പ്രോജക്ട് നം.-124/22
കരാറുകാരൻ -വി.ടി.ശിവദാസൻ.
ചെലവ് വിവരം – ബിൽ നം.50/22-23, Dt.26-09-23, 149152/- രൂപ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ 2-ാം വാർഡിൽ കമ്മട്ടിക്കളം പാലം നിർമ്മാണത്തിന് വേണ്ടി മണ്ണ് പരിശോധന എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 17-02-22 ൽ കരാർ വെച്ച ഈ പ്രവൃത്തി 12-04-22 ൽ പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം പദ്ധതിയ്ക്കായി മേൽ രേഖപ്പെടുത്തിയ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. സോയിൽ ടെസ്റ്റിംഗ് റിപ്പോർട്ട് കഴിഞ്ഞ് ഒന്നര വർഷത്തിന് ശേഷവും പാലം നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/21-08-23) ലഭ്യമാക്കിയ മറുപടിയിൽ പാലം നിർമ്മാണത്തിനായി ടെൻഡർ നടപടികൾ കഴിഞ്ഞിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള നടപടികൾ ദ്രുതഗതിയിലാക്കി നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കേണ്ടതാണ്.

1-30 തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം - രേഖകൾ സൂക്ഷിച്ചിരിക്കുന്നതിലെ അപാകതകൾ-

2022-23 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ച വിവിധ പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ, നിർവ്വഹണ രേഖകൾ സുതാര്യമായ രീതിയിലല്ല എഴുതി സൂക്ഷിച്ചിട്ടുള്ളതെന്ന് കണ്ടു. ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.അളവുപുസ്തകത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്, നിരക്ക്, അളവ് രേഖപ്പെടുത്തിയ തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.
2. മെമ്മോറാണ്ടം ഓഫ് പേമെന്റ് രേഖപ്പെടുത്തുന്നില്ല. കരാർ പ്രവൃത്തികളിൽ നിയമാനുസൃത കിഴിവുകളും, അതിനു ശേഷം നൽകേണ്ട അറ്റ തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
3.ഓരോ പ്രവൃത്തിയിലും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ ഫോട്ടോകൾ പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.
4.മസ്റ്റർ റോളിൽ വ്യാപകമായ തിരുത്തലുകൾ വരുത്തുന്നു.
ഉദാ.1.രണ്ടാം വാർഡിൽ രതീശൻ സിറാജ് ഭവൻ മുതൽ മോട്ടോർതറ വരെ ആറുപങ്ക് പാടശേഖരം മാടി കയർഭ്രവസ്ത്രം വിരിക്കൽ. വർക്ക് കോഡ് – FP/389551, മസ്റ്റർറോൾ നം.10774
2.രണ്ടാം വാർഡിൽ രതീശൻ സിറാജ് ഭവൻ മുതൽ മോട്ടോർതറ വരെ ആറു പങ്ക് പാടശേഖരം മാടി കയർഭ്രവസ്ത്രം വിരിക്കൽ. വർക്ക് കോഡ് – FP/389549, മസ്റ്റർറോൾ നം.10779
5.കയർഭ്രവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തിക്ക് മുള വാങ്ങിയതുമായി ബന്ധപ്പെട്ട് വിവിധ ആളുകൾ സമർപ്പിച്ച ക്വട്ടേഷനുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവർക്ക് തുക നൽകിയതായുള്ള FTO യുടെ

കോപ്പിയോ, ഇവരുടെ കൈപ്പറ്റ് രസീതോ ഫയലിൽ ഇല്ല.
6.മേൽ പ്രവർത്തികളുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മാന്വൽ മസ്റ്റർ റോളിൽ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ള അത്രയും മനുഷ്യ ദിനങ്ങൾ തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടില്ല. പ്രവൃത്തി നിർവ്വഹിക്കുന്ന സ്ഥലത്ത് NMMS മുഖേന യഥാസമയം അറ്റൻഡൻസ് രേഖപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അപാകതകൾ മൂലമാണ് തൊഴിൽ ദിനങ്ങൾ അനുവദിക്കുമ്പോൾ ഇത്തരത്തിൽ കുറവുകളുണ്ടാകുന്നത്. തന്മൂലം തൊഴിലാളികൾക്ക് അർഹമായ മനുഷ്യ ദിനങ്ങൾ നഷ്ടമാകുന്നു. ഉദാഹരണം മേൽ ക്രമ നം. 4 ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ.
7. പല പ്രവൃത്തികളിലും മസ്റ്റർ റോളിൽ അറ്റൻഡൻസ് രേഖപ്പെടുത്തുന്നവർ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (09/19-08-23) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 മുതൽ 3 വരെയുള്ള അപാകതകൾ പരിഹരിച്ചതായും, ബാക്കിയുള്ളവ പരിഹരിച്ച് അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയ അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-31 MNREGS പ്രവൃത്തികൾ - CIB സ്ഥാപിച്ച കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-കേന്ദ്ര സർക്കാരിന് നഷ്ടം -7140/- രൂപ

MNREGS സെക്ഷനിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2022-23 വർഷം തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിച്ചതിന് ശ്രീ. സുനിൽകുമാറിന് 206 പ്രവൃത്തികളിലായി ആകെ 714000/- രൂപ നൽകിയിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ കൈനകരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം ബോർഡ് സ്ഥാപിക്കുന്നതിന് കരാർ എടുത്ത കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. തന്മൂലം 7140/- രൂപ കേന്ദ്ര സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട്. ആദായനികുതി ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/21-08-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ കരാറുകാരനെ തെരഞ്ഞെടുത്തതിന്റെ ഫയലും ലഭ്യമാക്കിയിട്ടില്ല. ആദായനികുതി ഈടാക്കാതിരുന്നത് മൂലം കേന്ദ്ര സർക്കാരിന് നഷ്ടമുണ്ടായ 7140/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-32 ലൈഫ് പദ്ധതി - ഭവന നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ 2018, 2019 വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം ആരംഭിച്ച പല ഗുണഭോക്താക്കളും ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

(എ) ലൈഫ് പദ്ധതി - ഭവന നിർമ്മാണം (ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു 40000/- രൂപ നൽകിയ തീയതി | ആകെ നൽകിയ തുക |
|---|---|---|---|
| 1 | ശാന്തമ്മ, കുവക്കാട്ട് ചിറ<br>കൈനകരി പി.ഒ., വാർഡ്-5 | 05.11.2018 | 240000 |

| | | | |
|---|---|---|---|
| 2 | സിന്ധു ബിജു, തെക്കേപൌവം, തോട്ടുവാത്തല പി.ഒ., വാർഡ്-11 | 02.03.2019 | 300000 |
| 3 | കെ.ജി.മണിയൻ, എസ്.എൻ.ഭവനം, വാർഡ്-8 | 25.09.2021 | 360000 |
| 4 | തങ്കമണി ബാബു, പാലയ്ക്കൽ പുത്തൻചിറ, കൈനകരി, വാർഡ്-6 | 25.08.2021 | 300000 |
| 5 | ബീനാകുമാരി, ഹരിമന്ദിരം, വാർഡ്-7 | 14.02.2022 | 360000 |
| 6 | ടോം മാത്യു, അറയ്ക്കൽ ലക്ഷം വീട്, ചേന്നങ്കരി, വാർഡ്-6 | 22.09.2022 | 360000 |

(ബി) ലൈഫ് പദ്ധതി - ഭവന നിർമ്മാണം (എസ് സി)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു 40000/- രൂപ നൽകിയ തീയതി | ആകെ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 7 | ഓമന വിക്രമൻ, പുതുവൽ കനകാശേരിച്ചിറ, കുട്ടമംഗലം പി.ഒ.,വാർഡ്-15 | 22.08.2019 | 40000 | റവന്യൂ നടപടിക്ക് മുൻപായുള്ള ആദ്യകത്ത് 16.06.2022 ൽ നൽകിയിട്ടുണ്ട്. |
| 8 | ഈശ്വരി ചന്ദ്രബാബു, കാളിപ്പ പി .ഒ., വാർഡ്-2 | 26.03.2019 | 40000 | റവന്യൂ നടപടിക്ക് മുൻപായുള്ള ആദ്യകത്ത് 16.06.2022 ൽ നൽകിയിട്ടുണ്ട്. |
| 9 | സൗമ്യ പി.ആർ,കൊച്ചുപറമ്പ്, കൈനകരി, വാർഡ്-8 | 12.02.2021 | 40000 | തുക തിരിച്ചടയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| 10 | സുകന്യമോൾ കെ എസ്, കായലിപ്പറമ്പിൽ, കൈനകരി കിഴക്ക് പി.ഒ., വാർഡ്-8 | 12.02.2021 | 360000 | |
| 11 | ജയ മോനിച്ചൻ, കപ്പലത്തറവീട്,കൈനകരി,വാർഡ്-6 | 10.03.2021 | 360000 | |
| 12 | ഡോളി കെ ബി, വല്യാറ, കൈനകരി ഈസ്റ്റ്, വാർഡ്-6 | 12.08.2021 | 360000 | |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം തുടങ്ങി വർഷങ്ങൾ പിന്നിട്ടിട്ടും അത്

പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/20.08.2023) ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം ആരംഭിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് റവന്യൂ നടപടിക്ക് മുൻപായുള്ള ആദ്യകത്ത് 16.06.2022 ൽ നൽകിയിട്ടുണ്ടെന്നും ലിന്റൽ സ്റ്റേജിൽ നിന്നും നിർമ്മാണം മാറ്റമില്ലാതെ തുടരുന്ന ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.) നം.34/2018/ത.സ്വ.ഭ.വ. തീയതി 16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. ആദ്യഗഡു 40000/- കൈപ്പറ്റി വർഷങ്ങൾ പിന്നിട്ടിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ 360000/- രൂപ വീതം കൈപ്പറ്റിയ ക്രമ നം. 3 മുതൽ 6 വരെയുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-33 അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ-അവലോകനം

ഗ്രാമ പഞ്ചായത്തിൽ ആകെ 25 അങ്കണവാടികൾ പ്രവർത്തിക്കുന്നതിൽ 6 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിട സൌകര്യമുള്ളത്. 16 എണ്ണം വാടക കെട്ടിടത്തിലും 3 എണ്ണം വാടക രഹിത കെട്ടിടത്തിലും പ്രവർത്തിക്കുന്നു. അങ്കണവാടി നം.3 ന്റെ കെട്ടിടനിർമ്മാണം നടന്നുവരുന്നു. സ്വന്തം കെട്ടിടങ്ങൾക്ക് എല്ലാം ചുറ്റുമതിലുണ്ട്. എന്നാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 14 കെട്ടിടങ്ങൾക്ക് ചുറ്റുമതിലില്ല. എല്ലാ അങ്കണവാടികൾക്കും ടോയ്‌ലെറ്റ് സൌകര്യവും വൈദ്യുതി കണക്ഷനും ഉണ്ട്. അങ്കണവാടി നം. 2 ന് ഒഴികെ മറ്റുള്ളവയ്ക്ക് എല്ലാം കുടിവെള്ള കണക്ഷൻ ഉണ്ട്.
വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾക്കെല്ലാം ചുറ്റുമതിലുള്ള സ്വന്തം കെട്ടിടസൗകര്യം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുറ്റുമതിൽ ഇല്ലാത്ത വാടക കെട്ടിടങ്ങൾ ഒഴിവാക്കി സുരക്ഷിതമായ കെട്ടിടത്തിലേക്ക് അങ്കണവാടികളുടെ പ്രവർത്തനം മാറ്റുകയോ ചെയ്ത് കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് കമ്മറ്റി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സംരക്ഷണഭിത്തി നിർമ്മാണം -12536/- രൂപ അധികം ചെലവഴിച്ചു-

കൈനകരി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വിവിധ വാർഡുകളിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ സംരക്ഷണ ഭിത്തി നിർമ്മാണ പ്രവർത്തികളിൽ റബിൾ ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തി നിർമ്മിച്ചിരിക്കുന്നത് DSOR-2018, 7.1.1 - RR Masonary With Hard Stone In Foundation And Plinth Including Leveling Up With Cement Concrete 1:6:12 സ്പെസിഫിക്കേഷൻ അനുസരിച്ചാണ്. ഇതിന്

മുകളിൽ അടുത്ത ഇനം ആയി സ്പെസിഫിക്കേഷൻ കോഡ് 4.1.5 പ്രകാരം സിമന്റ് കോൺക്രീറ്റിൽ 1:6:12 അനുപാതത്തിൽ 5cm. കനത്തിൽ ബെൽറ്റും നിർമ്മിച്ചിട്ടുണ്ട്. RR മേസനറിക്ക് മുകളിൽ 5cm. കനത്തിൽ ബെൽറ്റ് നിർമ്മിച്ചിട്ടുള്ളതിനാൽ, ഇനം 7 പ്രകാരമുള്ള റബിൾ പ്രവൃത്തിയിൽ ലെവലിംഗ് ചെയ്യുന്നതിന് 1:6:12 സിമന്റ് കോൺക്രീറ്റിന്റെ ആവശ്യമില്ല. ഇത് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. ഇപ്രകാരം നിർവ്വഹിച്ച പ്രവൃത്തികളുടെയും, അധികം നൽകിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) 14-ാം വാർഡിൽ എട്ടിന്റെ മൂല നടപ്പാത മുതൽ കാരുണ്യാലയം നടപ്പാത വരെ സംരക്ഷണ ഭിത്തി നിർമ്മാണം-

| | |
|---|---|
| പ്രോജക്ട് നമ്പർ | S-0005/23 |
| അടങ്കൽ | 10 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | സജിമോൻ.പി.ബി |
| അളവ് പുസ്തകം | 58229/22 |
| ചെലവ് വിവരം | ബിൽ നം. നമ്പർ -236/22-23,<br>939549/-രൂപ, Dt.22-03-23. |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD |

അധികം നൽകിയ തുകയുടെ വിവരം-

| | |
|---|---|
| സ്പെസിഫിക്കേഷൻ 7.1.1 പ്രകാരം ചെയ്ത റബിൾ പ്രവൃത്തിയുടെ അളവ്/നൽകിയ തുക | 39.886 $M^3$ / 308269/- രൂപ |
| 1:6:12 സിമന്റ് കോൺക്രീറ്റിംഗിന് $1m^3$ ന് ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക്-(LS-91.52+0.91+13.72 = 106.15+54.84=160.99) (വാട്ടർ ചാർജ്ജ്, CPOH, കോസ്റ്റ് ഇൻഡക്സ് 51.67% ഉൾപ്പെടെ) | $160.99/m^3$ |
| അധികം നൽകിയ തുക | 39.886 $M^3$ ന് @ $160.99/m^3$ = 6421/-രൂപ+1155 (18%gst) = 7576/- |

2) 15-ാം വാർഡിൽ കുപ്പപ്പുറം കിഴക്കേച്ചിറ മുതൽ പുത്തൻകായൽ ചിറക്ക് തെക്ക് മൂലേത്തറ വരെ സംരക്ഷണ ഭിത്തി നിർമ്മാണം-

| | |
|---|---|
| പ്രോജക്ട് നമ്പർ | S-0005/23 |
| അടങ്കൽ | 10 ലക്ഷം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | പ്രവീൺ.വി |
| അളവ് പുസ്തകം | 55396/22 |

| | |
|---|---|
| ചെലവ് വിവരം | ബിൽ നം. നമ്പർ -273/22-23 രൂപ, 871580/-dt.29-03-23. |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD |

അധികം നൽകിയ തുകയുടെ വിവരം-

| | |
|---|---|
| സ്പെസിഫിക്കേഷൻ 7.1.1 പ്രകാരം ചെയ്ത റബിൾ പ്രവൃത്തിയുടെ അളവ്/നൽകിയ തുക | 26.118 $M^3$/ 185202/- രൂപ |
| 1:6:12 സിമന്റ് കോൺക്രീറ്റിംഗിന് $1m^3$ ന് ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക്- (LS-91.52+0.91+13.72 =106.15+54.84=160.99) (വാട്ടർ ചാർജ്ജ്, CPOH, കോസ്റ്റ് ഇൻഡക്സ് 51.67% ഉൾപ്പെടെ +) | $160.99/m^3$ |
| അധികം നൽകിയ തുക | 26.118 $M^3$ന് @ $160.99/m^3$ = 4204/-രൂപ +756 (18%gst)= 4960/- |

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8/19-08-23) ലഭ്യമാക്കിയ മറുപടിയിൽ, കൈനകരി പോലുള്ളതും, നിലവിൽ പമ്പയാറിന്റെയും അതിന്റെ കൈവഴികൾ ഉൾപ്പെട്ടതും, ബോട്ട് സർവ്വീസ് ഉള്ളതുമായ പ്രദേശത്ത് തുടരെ മടവീഴ്ച, വെള്ളപ്പൊക്കം എന്നിവ ഉണ്ടാകുന്നത് മൂലവും പ്രസ്തുത പ്രവർത്തിക്ക് ഡ്യൂറബിലിറ്റി ഉണ്ടാകേണ്ടത് അനിവാര്യമാണെന്നും, ഈ സ്കിൻലെയർ സ്ട്രക്ചറിൽ ഈ ആസ്തി സുസ്ഥിരമായി നിൽക്കില്ലായെന്ന സാഹചര്യം പരിഗണിച്ചും, തുടരെ ഉണ്ടാകുന്ന വാട്ടർ പ്രഷർ മൂലം കൽകെട്ടിന് ഉണ്ടാകുന്ന ഡാമേജ് മൂലം നിർമ്മാണ മെയിന്റനൻസിന് അധിക ചെലവ് ഒഴിവാക്കാനും വേണ്ടിയാണ് കൽക്കെട്ടിന് മുകളിൽ 1:3:6 കോൺക്രീറ്റ് ഉപയോഗിച്ച് ബലപ്പെടുത്തുന്നതെന്നും മറുപടി നൽകുകയുണ്ടായി. കൽക്കെട്ടിന് മുകളിൽ ബെൽറ്റ് നിർമ്മാണം അനിവാര്യമാണെന്ന മറുപടി അംഗീകരിക്കുന്നു. എന്നാൽ ഇപ്രകാരം ബെൽറ്റ് കോൺക്രീറ്റിംഗ് നടത്തുന്ന പ്രവൃത്തിയിൽ, അതിനു താഴെ നിർമ്മിക്കുന്ന RR പാക്കിംഗിന് Concrete Levelling Course അനുവദിച്ചു നൽകുന്നത് മൂലം അധികം ചെലവുണ്ടായി എന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെ ഈ മറുപടി സാധൂകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 12536/- രൂപ (7567+4960) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 149895 | പാലിയേറ്റീവ് കെയർ | 149895 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 120059 | അനുപൂരക പോഷകാഹാര പരിപാടി | 120059 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 60000 | ലൈഫ് മിഷൻ (എസ് സി) | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 486000 | ലൈഫ് മിഷൻ (ജനറൽ) | 486000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 250000 | സ്കോളർഷിപ്പ് | 250000 | 0 |
| ആകെ | | 1065954 | | 1065954 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 139940 | അനുപൂരക പോഷകാഹാര പരിപാടി | 139940 | 0 |
| ജില്ലാ പഞ്ചായത്ത് | | 300000 | ലൈഫ് മിഷൻ (ജനറൽ) | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | | 100000 | സ്കോളർഷിപ്പ് | 100000 | 0 |
| ആകെ | | 539940 | | 539940 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നം.19/23) | 84/18.03.2023 | 72324 | 0 | 72324 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി ഒ എം എസ് 111/2018/ എൽ.എസ്.ജി.ഡി. 13/08/2018 | 2360000 | 15413405 | 2065460 | 0 | 15707945 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2014-15 | 3-11 | 1180 | ശ്രീമതി.ദീപ, വെറ്ററിനറി സർജൻ | 1220100402/ 16.09.2022 |
| 2016-17 | 3-5 | 8750 | ശ്രീ.ബിനോയ് ബോസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 1220100405/ 17.09.2022 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34022346 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29326848 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12536 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 986025 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | | 12536 | ശ്രീമതി ആശ ആർ., അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി |
| ആകെ | | 12536 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 24000 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-17 | 500000 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-18 | 81505 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-19 | 150000 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-20 | 72324 | റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി |
| 1-21 | 158196 | ഡോ.ശരത്ചന്ദ്ര ബോസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| ആകെ | 986025 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 3203 | റ്റി.എഫ് . സെബാസ്റ്റ്യൻ ,സെക്രട്ടറി |
| 1-31 | 7140 | റ്റി.എഫ് . സെബാസ്റ്റ്യൻ ,സെക്രട്ടറി, ശ്രീ. സജീവൻ.സി.പി., അസിസ്റ്റന്റ് സെക്രട്ടറി, ശ്രീമതി ചിന്മ ചന്ദ്രൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം ജി എൻ ആർ ഇ ജി എസ് |
| ആകെ | 10343 | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| റ്റി.എഫ്. സെബാസ്റ്റ്യൻ, സെക്രട്ടറി | സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമഞ്ചായത്ത് | തെക്കുംമുറി, തത്തംപള്ളി പി ഒ ആലപ്പുഴ |
| ഡോ. ശരത്ചന്ദ്രബോസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ, പി എച്ച് സി, കുപ്പപ്പുറം | ശങ്കരനാരായണപുരം, പഴവീട്, ആലപ്പുഴ |
| ചിന്മ ചന്ദ്രൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം ജി എൻ ആർ ഇ ജി എസ് | അക്രഡിറ്റഡ്എഞ്ചിനീയർ, എം ജി എൻ ആർ ഇ ജി എസ്, കൈനകരി ഗ്രാമപഞ്ചായത്ത് | സരോവരം, ചാരമംഗലം, മുഹമ്മ പി.ഒ ആലപ്പുഴ-688525 |
| ശ്രീ. സജീവൻ സി.പി., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കൈനകരി ഗ്രാമപഞ്ചായത്ത് | പുണർതം, വയലാർ.പി.ഒ.,ചേർത്തല, ആലപ്പുഴ |
| ശ്രീമതി ആശ. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | - | കുറുക്കശേരിൽ, കൊമ്മാടി വാർഡ്, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | കെ.എസ്.എ.എൽ.പി. പി-2/1291/2022 നമ്പർ അദാലത്ത് റിപ്പോർട്ട് , തീയതി 28.04.2023 |
| 2007-08 | |
| 2008-09 | |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2010-11, 2011-12 | കെ.എസ്.എ.എൽ.പി. പി-2/1291/2022 നമ്പർ അദാലത്ത് റിപ്പോർട്ട്, തീയതി 28.04.2023 |
| 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി2/849/2021/28/09/2021 |

| | |
|---|---|
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി2/850/2021/28/09/2021 |
| 2021-22 | കെ.എസ്.എ/എ.എൽ.പി/പി2/219/2023/23/03/2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 21-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kainakary Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kainakary Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Kainakary Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1.Ratios,the mandatory financial statement prescribed in accounting rule [62(2)(F)] not submitted for audit.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Further action not taken to adjust the amount entered as cheque deposited but not collected in the Bank Reconcilation Statement of Own Fund S B I account.

4.As per B4, the unexpended amount in Central Finance Commission-Tied Grant is negative.

5.The unspent grant amounts shown as liability in Balance Sheet schedule B4 mismatch with the amounts

in schedule B17.

6. Lapses in making timely and accurate demand entries in respect of tax and non tax revenues.

7.Demand registers are not periodically reconcile with accounts.

8. DCB statement of Prof.tax(Traders & Employees) not produced for verification.

9.DCB Statement of Property Tax Sanchaya statement does not match with AFS.

10. Steps not taken to transfer the unpaid cheques to Stale cheque liability account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്